ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് ഗാർഹികാവശ്യത്തിന് വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് 2 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 5 ലിറ്റർ മണ്ണെണ്ണയും വിളക്ക് കത്തിക്കുന്നതിനായും പെർമിറ്റുള്ളവർക്ക് 6 ലിറ്റർ മണ്ണെണ്ണ പാചകാവശ്യത്തിനായും പ്രതിമാസം അനുവദിച്ചിരുന്നു.

(ബി) ഗാർഹികാവശ്യത്തിന് നൽകിയ പെർമിറ്റ് പ്രകാരം 2003 മാർച്ച് വരെ പാചകാവശ്യത്തിന് 6 ലിറ്റർ മണ്ണെണ്ണ നൽകിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതിനെത്തുടർന്ന് 2003 ഏപ്രിൽ മുതൽ പാചകാവശ്യ പെർമിറ്റുകൾക്ക് 3 ലിറ്റർ മണ്ണെണ്ണയാണ് നൽകിവരുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് 2 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 5 ലിറ്റർ മണ്ണെണ്ണയും വിളക്ക് കത്തിക്കുന്നതിനായി പ്രതിമാസം നൽകി വരുന്നു. പാചകാവശ്യത്തിന് റേഷൻ കാർഡ് പെർമിറ്റ് വഴി 2003 മാർച്ച് വരെ 6 ലിറ്റർ മണ്ണെണ്ണയും അതിനുശേഷം 3 ലിറ്റർ മണ്ണെണ്ണയും പ്രതിമാസം നൽകുന്നുണ്ട്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് പ്രതിമാസം 33174 കിലോ ലിറ്റർ മണ്ണെണ്ണയാണ് അനുവദിച്ചിരുന്നത്. (2001 ഫെബ്രുവരി മാസത്തെ കണക്കു പ്രകാരം). എന്നാൽ ഇപ്പോൾ പ്രതിമാസം 23172 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമേ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളു (2006 ഫെബ്രുവരി മാസത്തെ കണക്കു പ്രകാരം).

റേഷൻ വിതരണത്തിന് ലഭിച്ച അരിയുടെ കണക്ക്

135 [1262] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റേഷൻ വിതരണത്തിനായി എത്ര ടൺ അരിയാണ് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇങ്ങനെ ലഭിച്ചിരുന്ന അരി എത്ര റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യാൻ സാധിച്ചിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ വിതരണത്തിന് ഓരോ വർഷവും ലഭിച്ച അരിയുടെ കണക്ക് ലഭ്യമാക്കുമോ ;

(ഡി) റേഷൻ വിതരണത്തിനായി ലഭിക്കുന്ന അരി ഗോഡൗണിൽ നിന്ന് തന്നെ ഏജൻസികൾക്ക് മറിച്ചു വിൽപ്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിനെതിരെ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റേഷൻ വിതരണത്തിനായി വിവിധ പദ്ധതികളിലായി 146888 മെട്രിക് ടൺ അരിയാണ് പ്രതിമാസം ലഭിച്ചു കൊണ്ടിരുന്നത്.

(ബി) 6353254 കാർഡുടമകൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ വിതരണത്തിന് ഓരോ വർഷവും ലഭിച്ച അരിയുടെ കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	*വിവിധ പദ്ധതികളിൽ വിതരണത്തിനായി ലഭിക്കുന്ന അരി (മെട്രിക് ടൺ)*
2001-2002	1819794
2002-2003	2013648
2003-2004	1985659.6
2004-2005	1893653.6
2005-2006 (ഫെബ്രുവരി 2006 വരെ)	1745976.6

(ഡി) ഇല്ല

(ഇ) ഫുഡ് കോർപ്പറേഷൻ ഗോഡൗണിൽ നിന്നും എടുക്കുന്ന അരി മൊത്ത വ്യാപാര ഡിപ്പോയിൽ എത്തുന്നതും അവിടെ നിന്നും ചില്ലറ വ്യാപാരികൾക്ക് വിതരണം നടത്തുന്നതും സിവിൽ സപ്ലൈസ് വകുപ്പ് കർശനമായി നിരീക്ഷിക്കുന്നുണ്ട്.

കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില

136 [1263] ശ്രീ. വി. ഡി. സതീശൻ :

" പ്രയാർ ഗോപാലകൃഷ്ണൻ :

" കെ. സി. ജോസഫ് :

" കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ലിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന വിലയെത്രയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നെല്ലിന് കേന്ദ്ര സർക്കാർ തരാമെന്ന് സമ്മതിച്ച വിലയെത്രയാണ് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly